# 'കബീറിന്റെ ദോഹക'ളുമായി പുഷ്പവതി

ഷീബ അമീർ

"ദാരിദ്ര്യമേ...മഹാനാക്കി നീയെന്നെ
എനിക്കേകി നീ ശ്രീ യേശുവിൻ സ്ഥാനം
മുൾക്കിരീടത്തിൻ ശോഭയും .."

ഈ വരികൾ ഏതൊരു ആസ്വാദകന്റേയും മനസ്സിൽ ഒരു വിശദീകരണവും ആവശ്യമില്ലാതെ ആഴത്തിൽ ഊർന്നിറങ്ങുന്നതാണ്.

**പു**ഷ്പവതി അവതരിപ്പിച്ച 'കബീറിന്റെ ദോഹകൾ' എന്ന സംഗീത പരിപാടി സാധാരണയിൽ നിന്ന്തികച്ചും വ്യത്യസ്തമായ ഒരു അനുഭവമായിരുന്നു.

ഹിന്ദു-മുസ്ലീം മൈത്രിയ്ക്കുവേണ്ടി ഐക്യം, ഐക്യം എന്ന് കബീർദാസ് പാടുന്നു എന്നത് തന്നെയാണ് ഭക്തി സംഗീതത്തിന്റെ പ്രാധാന്യം. ഈ കാലഘട്ടത്തിൽ അതിനെ തിരഞ്ഞെടുത്ത് പാടി നടക്കാൻ തീരുമാനിച്ച പുഷ്പവതി എന്ന ഗായികയെ നമുക്ക് അനുമോദിക്കാതെ വയ്യ. പാലക്കാട് ചെമ്പൈ സംഗീത കോളേജിൽനിന്ന് ഉയർന്ന നിലയിൽ സംഗീത പഠനം പൂർത്തിയാക്കിയ പുഷ്പവതി സ്വന്തമായി സംഗീത സംവിധാനം നിർവ്വഹിച്ചാണ് ഈ ഈരടികൾ തയ്യാറാക്കിയത്. ഇപ്പോൾ ചേതനയിലും ഇരിങ്ങാലക്കുട ഉണ്ണായിവാര്യർ കലാനിലയത്തിലും സംഗീത വിഭാഗത്തിൽ അദ്ധ്യാപികയാണ്.

ഭക്തി സംഗീതത്തിന്റെ വക്താക്കളായ ഒരു വലിയ സമൂഹം തന്നെ നമുക്ക് പണ്ടുകാലത്തുണ്ടായിരുന്നു. ഉത്തേജനത്തിന്റേയും പ്രചോദനത്തിന്റേയും അക്ഷയ പാത്രങ്ങളായിരുന്നു അവർ. പഴയ കാലഘട്ടത്തെ ശുദ്ധീകരിക്കാൻ ജനങ്ങളുടെ ഇടയിലേക്ക് ഇറങ്ങിച്ചെന്നിരുന്നു ഭക്തി പ്രസ്ഥാനം. അതിൽ കബീർദാസ്, സൂർദാസ്, തുളസിദാസ്, റഹിമാൻ തുടങ്ങിയവർ മനുഷ്യമനസ്സുകളിലെ കറകൾ അപ്പപ്പോൾ ഇല്ലാതാക്കാൻ അവരുടെ കവിതകളിലൂടെ ശ്രമം നടത്തിയിരുന്നു. കാറ്റായി വീശിയിരുന്ന സംഗീതത്തിൽ, ഈരടികളിലെ അർത്ഥസമ്പുഷ്ടി സൗരഭ്യമായിരുന്നു. ആ കവിതകളുടെ അർത്ഥവ്യാപ്തി, ഇക്കാലത്തെ നിഘണ്ടുവിലെ വാക്കുകൾ നിരത്തിയെഴുതുന്ന ലേഖനങ്ങളേക്കാളും പുസ്തകങ്ങളേക്കാളും ശക്തമായിരുന്നു. ഈ കവിതകൾ പാടികൊണ്ട് കവികൾ ജനങ്ങൾക്കിടയിലൂടെ സഞ്ചരിക്കയായിരുന്നു. ജനങ്ങൾ അവരോടൊപ്പം പാടി കൂടെകൂടിയിരുന്നു.

ആ കാലഘട്ടത്തിൽ നിന്ന് നമ്മൾ എവിടെയെത്തി നിൽക്കുന്നുവെന്ന വേവലാതി അക്കാദമി ഹാളിൽ ഒത്തുകൂടിയവരുടെ മനസ്സിനെ അലട്ടാതിരുന്നിരിയ്ക്കില്ല.



പുഷ്പവതി

പ്രസിദ്ധിക്കും പ്രശസ്തിക്കും തിരക്കുകൂട്ടുന്നവരുടേയും, ചേരി തിരിയ്ക്കാനും തമ്മിൽ ചെളി വാരിയെറിയാനും മിടുക്കുകാണിക്കുന്ന രാഷ്ട്രീയകാരുടേയും എഴുത്തുകാരുടേയും ലോകം. അവർ എഴുത്തിലൂടെയെങ്കിലും പുറത്ത് കൊണ്ടുവരുന്ന നന്മയെ തിരിഞ്ഞു നോക്കാനോ ശ്രദ്ധിക്കാനോ നേരമില്ലാതെ ഇടുങ്ങിയ സ്വാർത്ഥതാല്പര്യങ്ങളിൽ ജീവിതം തളച്ചിടുന്ന മൃഗതുല്യരായ വലിയ വിഭാഗം ജനങ്ങൾ. ചിട്ടപ്പെടുത്തി പണമടച്ച് ഗഡുക്കളായി വാങ്ങിക്കൂട്ടുന്ന സുഖസൗകര്യങ്ങളുടെ പുറകേ പോകുന്ന പുരുഷന്മാർ. കണ്ണുനീരും, വിലകുറഞ്ഞ വികാരചേഷ്ടകളും വിറ്റുകാശാക്കുന്ന ടി.വി. സീരിയലുകളിൽ സ്വന്തം ഉത്തരവാദിത്വങ്ങളെ മറന്ന് ജീവിയ്ക്കുന്ന സ്ത്രീകൾ! അവർക്ക് കൈവിട്ട് പോകുന്നതെന്തെന്ന് അവർക്ക് കൂടി അറിയാൻ കഴിയുന്നില്ല. സുഖം എന്നതിനെ ഇത്തരം ചെറിയ പാത്രത്തിൽ അളന്ന് അവർ സംതൃപ്തരാവുന്നു. ഈ തൊണ്ടു പൊളിച്ച് പുറത്ത് കടന്ന് അന്യോന്യം സഹജീവികളുടെ പ്രശ്നങ്ങളിൽ ഇടപെട്ട് ദുഃഖവും സുഖവും പങ്കിടുമ്പോൾ കിട്ടുന്ന സംതൃപ്തി അനുഭവിച്ചാലല്ലേ അറിയുകയുള്ളൂ.

**"അലറി വിളിപ്പെതെന്തിന്....ബധിരനോ ജഗദീശ്വരൻ"**

നല്ലൊരു ശതമാനം ആളുകൾക്ക് സ്വയം പുച്ഛം തോന്നാതിരിക്കില്ല ഈ വരികൾ കേൾക്കുമ്പോൾ മതി.

**"ജടവളർത്തിടുന്നു സന്യാസികൾ**
**താടി നീട്ടുന്നു മൗലവിമാർ**
**പരിണമിച്ചീടുന്നു മുഖച്ഛായകൾ**
**ആടുകളെപ്പോൽ ..... "**

എത്ര ലളിതമായ ഭാഷയിലാണ് അനുഷ്ഠാനങ്ങളുടെ നിസ്സാരത ഈ കവിതകളിൽ തുളുമ്പുന്നത്.

**സന്ധ്യാസമയം. നേർത്ത മഴ മതി ഉള്ളം തണുപ്പുള്ള കാറ്റ് പുറത്ത്. പരിപാടി അവസാനിക്കുംവരെ അതിൽ മുഴുകിയിരുന്നു മുഴുവൻ കാണികളും. അനുഭവിച്ച ഒരാൾക്കും മറക്കാൻ കഴിയാത്ത ഒരു സായാഹ്നം. ആ സംഗീതത്തിൽ കുളിച്ചുവരുമ്പോൾ ഒരു പുണ്യതീർത്ഥത്തിൽ മുങ്ങിയ അനുഭൂതി.**

രാമന്റേയും അള്ളാഹുവിന്റേയും മകനെന്ന് സ്വയം വിശേഷിപ്പിച്ച കബീറെന്ന മഹാനായ കവിയുടെ ചരണഭൂമിയിൽ, ജാതിയുടേയും മതത്തിന്റേയും പേരിൽ പരസ്പരം വെട്ടി കൊല്ലുന്ന ഈ സമൂഹം ശാപമോചനത്തിനായ് ശരണം പ്രാപിക്കേണ്ടിയിരിക്കുന്നു.

(നവചിത്ര ഫിലിം സൊസൈറ്റിയുടെ 12-ാം വാർഷികം 2004 ജൂലൈ 21 ന് വൈകീട്ട് 6 മണിക്ക് തൃശൂർ സാഹിത്യ അക്കാദമി ഹാളിൽ നടക്കുകയുണ്ടായി.)